"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) യുടെ കീഴിൽ നടപ്പാക്കുന്ന "Participatory Integrated Fisheries Development in selected Reservoirs of Kerala Phase II" എന്ന പദ്ധതിയ്ക്കായി മൂന്ന് ഇൻസുലേറ്റഡ് ട്രക്കുകൾ വാങ്ങുന്നതിന് ADAK മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.300/2025/F&P തീയതി,തിരുവനന്തപുരം, 08-05-2025

പരാമർശം:-

1. സ.ഉ.(സാധാ) നം.152/2020/ധന തീയതി 05/11/2020.
2. സ.ഉ (സാധാ) 47/2022/മ.തു.വ തീയതി 27/01/2022.
3. സ.ഉ.(സാധാ) നം.157/2024/ധന തീയതി 17/11/2024.
4. ഫിഷറീസ് ഡയറക്ടറുടെ 13.05.2024 തീയതിയലെയും 02.03.2025 തീയതിയിലെയും DFTVM/3064/2022-C1 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (PMMSY) യുടെ കീഴിൽ "Integrated Development of reservoirs" എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. റിസർവോയറുകളിൽ കൂട്ട കൃഷി പ്രോത്സാഹിപ്പിക്കുക, മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുക, പട്ടികവർഗ സമൂഹത്തിന് ഉപജീവനമാർഗ്ഗം നൽകുക എന്നിവ ലക്ഷ്യമിടുന്ന "Participatory Integrated Fisheries Development in selected reservoirs of Kerala Phase II" 2021-22 ന്റെ മൊത്തം ചെലവ് Rs.1,081.80 ലക്ഷം രൂപയാണ്. ആയതിൽ കേന്ദ്ര വിഹിതം Rs.649.08 ലക്ഷം (60%) രൂപയും സംസ്ഥാന വിഹിതം Rs.432.72 ലക്ഷം (40%) രൂപയുമാണ്. പ്രസ്തുത പദ്ധതിയുടെ കാലയളവ് 5 വർഷം (2021-25) ആണ്. ADAK (Agency For Development Of Aquaculture Kerala) വഴിയാണ് ആണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നെയ്യാർ, ഇടുക്കി, പീച്ചി എന്നീ 3 റിസെർവോയറുകൾ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത റിസെർവോയറുകൾ ഉൾപ്രദേശത്ത് ആയതിനാൽ അവിടെ നിന്നും സംഭരിക്കുന്ന മത്സ്യം വില്പന നടത്തുന്നതിനായി ഓരോ പ്രദേശത്തിനും 1 ട്രക്ക് എന്ന രീതിയിൽ 3 ഇൻസുലേറ്റഡ് ട്രക്കുകൾ വാങ്ങുന്നതിനായി (ഓരോ ട്രക്കിനും 13 ലക്ഷം രൂപ, ആകെ 39 ലക്ഷം രൂപ )അനുവദിക്കണമെന്ന ADAK മാനേജിങ് ഡയറക്ടറുടെ അപേക്ഷ ഫിഷറീസ് ഡയറക്ടർ പരാമർശം (4) കത്തുകൾ പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്തു സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) (3) എന്നീ ഉത്തരവുകൾ പ്രകാരമുള്ള വ്യയ നിയന്ത്രണങ്ങളിൽ ഇളവു നൽകി പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനയുടെ (PMMSY) കീഴിൽ നടപ്പാക്കുന്ന "Participatory Integrated Fisheries Development in selected Reservoirs of Kerala Phase II"എന്ന പദ്ധതിയുടെ ഭാഗമായി ADAK-ന്റെ ഉപയോഗത്തിന് 3

ഇൻസുലേറ്റഡ് ട്രക്കുകൾ (ആകെ 39 ലക്ഷം രൂപ മതിപ്പ് ചെലവിൽ, ഓരോ ട്രക്കിനും 13 ലക്ഷം രൂപ വീതം) ജെം (GEM) പോർട്ടൽ മുഖേന വാങ്ങുന്നതിന് ADAK (Agency For Development Of Aquaculture Kerala) മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ADAK, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (പരാമർശം 01.11.2024 ലെ 2902551/WCD-2/175/2024/FIN കുറിപ്പ് പ്രകാരം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (07.05.2025 തീയതിയിൽ ഇനം നമ്പർ 2931 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂസ് മീഡിയ ) വകുപ്പ്
കരുതൽ ശേഖരം.(2837333-A1/159/2024-F&PD)

ഉത്തരവിൻ പ്രകാരം

Signed by
Anitha B
സെക്ഷൻ ഓഫീസർ
Date: 09-05-2025 10:53:06

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. എ1/159/2024/മ.തു.വ. ഇനം നം: 2931

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-യുടെ കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ജലസംഭരണികളിൽ ADAK വഴി നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസനത്തിന് വേണ്ടി 3 ട്രക്കുകൾ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | **എ 1/159/2024/മ.ഉ.വ** |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3 | വിഷയം | പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) യുടെ കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ജലസംഭരണികളിൽ സംയോജിത മത്സ്യബന്ധന വികസനത്തിന് വേണ്ടി 3 ട്രക്കുകൾ വാങ്ങുന്നത്.- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08.02.2025 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശ്രീകല.ടി.പി |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ.അബ്ദുൽ നാസർ.ബി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 02.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ (PMMSY) കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ജലസംഭരണികളിൽ ADAK (Agency For Development Of Aquaculture Kerala) വഴി നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസനത്തിന് വേണ്ടി, ഒരു ട്രക്കിന് 13 ലക്ഷം രൂപ നിരക്കിൽ, 39 ലക്ഷം രൂപയുടെ 3 ട്രക്കുകൾ വാങ്ങുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2. 27.01.2022 ലെ സ.ഉ (സാധാ)47/2022/മ.തു.വ നമ്പർ ഉത്തരവ് പ്രകാരം Integrated Development of reservoirs എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയുണ്ടായി. റിസർവോയറുകളിൽ കൂട്ട കൃഷി പ്രോത്സാഹിപ്പിക്കുക, മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുക, പട്ടികവർഗ സമൂഹത്തിന് ഉപജീവനമാർഗ്ഗം നൽകുക എന്നിവ ലക്ഷ്യമിടുന്ന "Participatory Integrated Fisheries Development in selected reservoirs of Kerala Phase II" 2021-22 ന്റെ മൊത്തം ചെലവ് Rs.1,081.80 ലക്ഷം രൂപയാണ്. ആയതിൽ കേന്ദ്ര വിഹിതം Rs.649.08 ലക്ഷം ( 60%) രൂപയും സംസ്ഥാന വിഹിതം Rs.432.72 ലക്ഷം (40%) രൂപയുമാണ്. പ്രസ്തുത പദ്ധതിയുടെ കാലയളവ് 5 വർഷം (2021-25) ആണ്. ADAK വഴിയാണ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നെയ്യാർ, ഇടുക്കി, പീച്ചി എന്നീ 3 റിസെർവോയറുകൾ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത റിസെർവോയറുകൾ ഉൾപ്രദേശത്ത് ആയതിനാൽ അവിടെന്ന് സംഭരിക്കുന്ന മത്സ്യം വില്പന നടത്തുന്നതിനായി ഓരോ പ്രദേശത്തിനും 1 ട്രക്ക് എന്ന രീതിയിൽ 3 ഇൻസുലേറ്റഡ് ട്രക്കുകൾ വാങ്ങുന്നതിനായി (ഓരോ ട്രക്കിനും 13 ലക്ഷം രൂപ, ആകെ 39 ലക്ഷം രൂപ ) അനുവദിക്കണമെന്ന ADAK മാനേജിങ് ഡയറക്ടറുടെ അപേക്ഷ ഫിഷറീസ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി

3. കേരളത്തിലെ തെരഞ്ഞെടുത്ത ജലസംഭരണികളിൽ ADAK വഴി നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസനത്തിന് വേണ്ടി 3 ട്രക്കുകൾ വാങ്ങുന്നത് സംബന്ധിച്ച് 01/11/2024 ലെ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" In view of the propsal of AD, "Fianance" agrees to purchase 03 Trucks costing around 39 lakhs , for the 60:40 ratio CSS of "participatory integrated development in selected Reservoirs of Kerala" under Pradhan Mantri Matsya Sampada Yojna, through GeM portal to transport daily harvested fish various outlets of ADAK subject to the conditions laid down in G O(MS) No.72/2013/GAD dated 14.03.2013, G O(P) No.152/2020/Fin dated 05.11.2020 and G O(P) No.136/2022/Fin dated 04.11.2022.*

*This has the approval of Hon'ble Minister (Fin)"*

4. 14.03.2013 ലെ സ.ഉ.(കൈ) നം.72/2013/പൊ.ഭ.വ ഉത്തരവിൽ

*" Vehicles costing less than ₹10 lakhs should be purchased in government and for the purchase of vehicles costing more than ₹ 10 lakh, prior approval of the Cabinet shall be required."* എന്നും

05.11.2020 ലെ സ.ഉ.(പി) നം.152/2020/ധന ഉത്തരവിൽ

*" സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകൾക്കും വിവിധ സ്ഥാപനങ്ങൾക്കും സ്വന്തമായിട്ടുള്ളതും വാടകയ്ക്ക് ഉപയോഗിക്കുന്നതുമായ വാഹനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായ "VEELS" എന്ന വെബ് അധിഷ്ഠിത വെഹിക്കിൾ മാനേജ്മന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനിമേൽ സർക്കാർ വാഹനങ്ങളുടെ വാങ്ങൽ, പരിപാലനം, വില്പന, അവയ്ക്കാവശ്യമായ ജീവനക്കാരുടെ നിയമനം,തസ്തിക സൃഷ്ടിക്കൽ എന്നിവ നടത്തുവാൻ പാടുള്ളൂ."* എന്നും

04.11.2022 ലെ സ.ഉ.(പി) നം.136/2022/ധന ഉത്തരവിൽ

*" ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ വ്യയനിയന്ത്രണ ഉത്തരവുകളിൽ ധനവകുപ്പിന്റെ അനുമതിയോടെ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി മാത്രം ഇളവ് അനുവദിക്കാവുന്നതാണ്."* എന്നും വ്യക്തമാക്കിയിട്ടുണ്ട്.

5. തുടർന്ന് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന യുടെ കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ജലസംഭരണികളിൽ ADAK വഴി നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസനത്തിന് വേണ്ടി , ഒരു ട്രക്കിനു 13 ലക്ഷം രൂപ നിരക്കിൽ, ആകെ 39 ലക്ഷം രൂപയ്ക്ക് 3 ട്രക്കുകൾ വാങ്ങുവാനുള്ള അപേക്ഷ മന്ത്രിസഭായോഗത്തിൽ പരിഗണിക്കാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ " *05/07/2024 തീയതിയിലെ സ.ഉ. (അ) നം. 52/2024/ധന ഉത്തരവ് പ്രകാരം നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകളിൽ ധന മന്ത്രിയുടെ അനുമതിയോടെ ബഹു. മുഖ്യമന്ത്രിക്ക് ഇളവ് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന യുടെ കീഴിൽ നടപ്പാക്കുന്ന 'Participatory Integrated Fisheries Development in Selected Reservoirs of Kerala – Phase II' എന്ന പദ്ധതിയുടെ ഭാഗമായി ADAK –ന്റെ ഉപയോഗത്തിന് 3 ഇൻസുലേറ്റഡ് ട്രക്ക് വാങ്ങുന്നതിനായി ആകെ 39 ലക്ഷം രൂപ മതിപ്പ് ചെലവിൽ (ഓരോ ട്രക്കിനും 13 ലക്ഷം രൂപ വീതം) അനുമതി നൽകുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി ഉത്തരവായാലും."* എന്ന കുറിപ്പോടെ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ആയതിനു വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും അപ്രകാരം മന്ത്രിസഭായോഗത്തിന് കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ആയതിനു,

1. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ) കീഴിൽ നടപ്പാക്കുന്ന 'Participatory Integrated Fisheries Development in Selected Reservoirs of Kerala – Phase II' 2021 –22 എന്ന പദ്ധതിയുടെ കാലദൈർഘ്യം എത്രയാണ്.

2. ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കാതെ ട്രക്കുകൾ വാങ്ങിയതു കൊണ്ട് മാത്രം പദ്ധതിക്ക് പ്രയോജനകരമല്ലാത്തതിനാൽ മത്സ്യസംഭരണ വിതരണം മറ്റൊരു ഏജൻസിക്കു ഔട്ട്സോഴ്സ് ചെയ്യുന്നതിന്റെ സാധ്യത.

3. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാലാവധി അവസാനിച്ചാൽ ഇതിനുവേണ്ട ചെലവ് വഹിക്കുന്നത് എങ്ങനെയാണ്? എന്നീ വിവരങ്ങളിൽ വ്യക്തത വരുത്തി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

6. മേൽ വിഷയങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ഫിഷറീസ് ഡയറക്ടറോട് നിർദ്ദേശിക്കുകയും ആയതിന് ഫിഷറീസ് ഡയറക്ടർ ചുവടെ കൊടുത്തിരിക്കുന്ന സ്പഷ്ടീകരണം നൽകുകയുമുണ്ടായി. ആയത് യഥാക്രമം ചുവടെ ചേർക്കുന്നു.

1) പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (PMSSY) യുടെ കീഴിൽ നടപ്പിലാക്കുന്ന "Participatory Integrated Fisheries Development in selected Reservoirs of Kerala Phase II എന്ന പദ്ധതിയുടെ കാലയളവ് 2021-2025 ആണ്. പദ്ധതിക്കാവശ്യമായ തുക കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ചെയ്ത് ലഭിച്ചിട്ടുണ്ടായിരുന്നു. 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലും കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുള്ളതുമാണ്.

2) കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (PMMSY) ൽ ഉൾപ്പെടുത്തിയാണ് Integrated Fisheries Development in Selected reservoirs of Kerala എന്ന പ്രോജക്റ്റിന് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. റിസർവോയറുകളിൽ കേജിലെ മത്സ്യ കൃഷി, മത്സ്യബന്ധനം, മത്സ്യസംഭരണം, മത്സ്യവിതരണം എന്നിവ അനിവാര്യ ഘടകങ്ങളായ Integrated Fisheries Development പ്രോജക്ട് ആയത് കൊണ്ടാണ് PMMSY-ൽ ഉൾപ്പെടുത്തി 100% ഗ്രാന്റ് ലഭിച്ചത്. മത്സ്യസംഭരണവും, മത്സ്യവിതരണവും മത്സ്യബന്ധനവും ഇല്ലാതെ റിസർവോയറുകളിൽ കേജിലെ മത്സ്യകൃഷി മാത്രമായി പദ്ധതി നടപ്പിലാക്കാനായിരുന്നെങ്കിൽ കേന്ദ്രസർക്കാർ മാർഗനിർദ്ദേശപ്രകാരം 40% ഗ്രാന്റിന് മാത്രമേ അർഹത ഉണ്ടാകുമായിരുന്നുള്ളു. ആയതിനാൽ പ്രോജക്റ്റിന്റെ ഭാഗമായുള്ള ട്രക്കുകൾ വാങ്ങുന്നത് Integrated Fisheries Development പ്രോജക്റ്റിന്റെ കേന്ദ്രസർക്കാർ മാർഗ്ഗരേഖ പ്രകാരം അത്യന്താപേക്ഷിതമാണ്. പദ്ധതി നടപ്പിലാക്കുന്ന റിസർവ്വോയറുകളുടെ പരിസരത്ത് താമസിക്കുന്ന ആദിവാസി

സമൂഹത്തിൽപ്പെട്ട ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളായ ഗുണഭോക്തൃ ഗ്രൂപ്പ് വഴി അവർക്ക് ജീവനോപാധിയും തൊഴിലും പ്രദാനം ചെയ്യുന്ന തരത്തിലാണ് പദ്ധതി നിർവ്വഹണം വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരം ഗുണഭോക്തൃ ഗ്രൂപ്പ് അംഗങ്ങൾക്ക് വാഹനം ഓടിക്കുന്നതിന് ലൈസൻസ് ഉള്ളതിനാൽ ഡ്രൈവർ തസ്തിക പ്രത്യേകമായി സൃഷ്ടിക്കേണ്ട ആവശ്യമില്ല. കൂടാതെ പദ്ധതി പ്രദേശം വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റിന്റെ കീഴിലുള്ള പ്രഖ്യാപിത സങ്കേതങ്ങൾ ആയതിനാൽ ആ പ്രദേശത്തെ ആദിവാസികൾ ഒഴികെയുള്ള മറ്റുള്ളവർക്ക് പ്രവേശനാനുമതി നിഷിദ്ധമായതിനാൽ മറ്റൊരു ഏജൻസി മുഖേനയുള്ള മത്സ്യസംഭരണവും അനുവദനീയമല്ല. ആയതിനാൽ മത്സ്യസംഭരണം, മത്സ്യവിതരണം എന്നിവ മറ്റൊരു ഏജൻസിക്ക് ഔട്ട്സോഴ്സ് ചെയ്യാൻ സാദ്ധ്യമല്ല എന്നറിയിക്കുന്നു.

3) പ്രസ്തുത മത്സ്യകൃഷി പദ്ധതിയിലെ ഒരു വിളവെടുപ്പിൽ നിന്നും കിട്ടുന്ന പ്രതീക്ഷിത വരുമാനം 691.20 ലക്ഷം രൂപയും പ്രവർത്തന ചെലവ് 346 ലക്ഷം രൂപയുമാണ്. അതുകൊണ്ട് തന്നെ ഒരു വിളയുടെ വരുമാനത്തിൽ നിന്ന് തൊട്ടടുത്ത വിളയുടെ ചെലവ് നിർവ്വഹിക്കാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ പദ്ധതിയുടെ കാലാവധി അവസാനിച്ചാലും ഇതിനുവേണ്ടി ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായം ആവശ്യമായി വരുകയില്ല

7. മേൽ ഖണ്ഡികയിലെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

05/11/2020 തീയതിയിലെ സ.ഉ.(അ) നമ്പർ 152/2020/ധന, 17/11/2024 തീയതിയലെ സ.ഉ.(കൈ) നമ്പർ 157/2024/ധന എന്നീ ഉത്തരവുകൾ പ്രകാരമുള്ള വ്യയ നിയന്ത്രണങ്ങളിൽ ഇളവു നൽകി, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ (PMMSY) കീഴിൽ നടപ്പാക്കുന്ന 'Participatory Integrated Fisheries Development in Selected Reservoirs of Kerala – Phase II' എന്ന പദ്ധതിയുടെ ഭാഗമായി ADAK -ന്റെ

ഉപയോഗത്തിന് 3 ഇൻസുലേറ്റഡ് ട്രക്കുകൾ (ആകെ 39 ലക്ഷം രൂപ മതിപ്പ് ചെലവിൽ,ഓരോ ട്രക്കിനും 13 ലക്ഷം രൂപ വീതം) ജെം (GeM) പോർട്ടൽ മുഖേന , വാങ്ങുന്നതിന് ADAK മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കാവുന്നതാണോ ?